# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4296 | 17/05/2017 ൽ മറുപടിക്ക് |
|---|---|

**സർക്കാർ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | സർക്കാർ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസുകളിൽ പഴക്കം ചെന്ന നിരവധി കേസുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന പരാതി പരിശോധിക്കുമോ; എത്ര വർഷം വരെ പഴക്കം ചെന്ന കേസുകൾ നിലവിലുണ്ട്; ഇതിനു പരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; | (എ) | ചില വിജിലൻസ് കേസുകളുടെ അന്വേഷണം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാലും ചില സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം, അന്വേഷണത്തിനാവശ്യമായ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ലഭിക്കുന്നതിനുള്ള കാലതാമസം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നീ കാരണങ്ങളാലും വിജിലൻസ് കേസുകളിലെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വരുന്നുണ്ട്. നിലവിൽ 730 വിജിലൻസ് കേസുകൾ അന്വേഷണം പൂർത്തിയാക്കാനുണ്ട്. അതിൽ 13 വർഷം വരെ പഴക്കമുള്ള വിജിലൻസ് കേസുകൾ ഉണ്ട്. 6 വിജിലൻസ് കോടതികളിലായി 1396 കേസുകൾ വിചാരണ പൂർത്തിയാക്കാനുണ്ട്. സമയബന്ധിതമായി അന്വേഷണങ്ങൾ പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി വരുന്നുണ്ട്. |
| (ബി) | വിജിലൻസ് കേസുകൾ എളുപ്പത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വിജിലൻസ് കേസുകളുടെ അന്വേഷണ പുരോഗതി സംബന്ധിച്ച് റെയ്ഞ്ച് പോലീസ് സൂപ്രണ്ടുമാർ പ്രതിമാസ അവലോകനം നടത്തുകയും അന്വേഷണം പൂർത്തിയാക്കാനുള്ള നിർദ്ദേശം നല്കുകയും ചെയ്തു വരുന്നു. വിജിലൻസ് ഡയറക്ടറേറ്റിലും ത്രൈമാസികമായി അന്വേഷണ പുരോഗതി വിലയിരുത്തി സമയബന്ധിതമായി അന്വേഷണങ്ങൾ പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം, അനധികൃത സ്വത്ത് സമ്പാദനം ഉൾപ്പെടെയുള്ള മറ്റ് കേസുകൾ ഒരു ടീം രൂപീകരിച്ച് ചീഫ് ഇൻവെസ്റ്റിഗേറ്റിങ് ഓഫീസറുടെ നേതൃത്വത്തിൽ കേസന്വേഷണം നടത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം എന്നിവ വിജിലൻസ് ഡയറക്ടർ തലത്തിൽ നല്കിയിട്ടുണ്ട് |
| (സി) | 2003 മുതലുള്ള കേസുകൾ പ്രത്യേകമായി പരിശോധിക്കുവാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ